**ജില്ലാ കലക്ടറുടെ കാര്യാലയം**
**സിവിൽസ്റ്റേഷൻ – ഒന്നാം നില പാലക്കാട് –**
**പിൻ : 678001 ഫോൺ നം: 0491 – 2505336**
**ഇ – മെയിൽ :** adcgeneralpkd@gmail.com

LSGD/JD/PKD/5213/2026-C4 **തിയ്യതി : 05.08.2026**

**എം.എൽ.എ.–മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി – 2026–27**

സ്വീകർത്താവ്

എക്സിക്യൂട്ടിവ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ ഡിവിഷൻ
ജില്ലാ പഞ്ചായത്ത്, പാലക്കാട്

സർ,

വിഷയം : എം.എൽ.എ–മാരുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി –2026–27– മലമ്പുഴ നിയോജകമണ്ഡലം **മരുതറോഡ് പഞ്ചായത്തിലെ തെക്കേത്തറ അംഗൻവാടി നിർമ്മാണം** –പ്രവൃത്തിയുടെ ഡി.പി.ആർ (എസ്റ്റിമേറ്റ്) ആവശ്യപ്പെടുന്നത് – സംബന്ധിച്ച്.

സൂചന : ബഹു. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ, ശ്രീ.എ.പ്രഭാകരൻ അവർകളുടെ 03.08.2026 തിയ്യതിയിലെ കത്ത്.

------------------------------

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2026–27 വർഷത്തിലെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മലമ്പുഴ നിയോജകമണ്ഡലത്തിലെ **മരുതറോഡ് പഞ്ചായത്തിലെ തെക്കേത്തറ അംഗൻവാടി നിർമ്മാണം** എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് **25,00,000/– രൂപ (ഇരുപത്തി അഞ്ചു ലക്ഷം രൂപ . മാത്രം)** അനുവദിക്കുന്നതിന് ബഹു: ബഹു. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.എ.പ്രഭാകരൻ അവർകൾ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി പ്രവൃത്തിയുടെ ഭരണാനുമതി നല്കുന്നതിലേക്കായി താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് /ഡി.പി.ആർ **10 ദിവസത്തിനകം** തയ്യാറാക്കി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

*__നിബന്ധനകൾ__*

(1) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബഹു: എം.എൽ.എ–യുമായി കൂടിയാലോചിച്ച് പ്രവൃത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന സ്ഥലം നേരിൽ സന്ദർശിച്ച് ആയതിന്റെ ഗുണം, ആവശ്യകത എന്നിവ വിലയിരുത്തുകയും നടപ്പിലാക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട റോഡ്, കെട്ടിടം, സ്ഥലം, കുടിവെള്ള പദ്ധതികൾ എന്നിവ സർക്കാർ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. സർക്കാർ ഉടമസ്ഥതയിൽ അല്ലെങ്കിൽ ആയത് സർക്കാരിലേക്ക് നിയമാനുസൃതമായി സറണ്ടർ ചെയ്ത ശേഷം മാത്രമേ പ്രവൃത്തി നടപ്പിലാക്കാവൂ. അല്ലാതെ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ ബാധ്യത ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

(2) നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തിയുടെ ഭരണാനുമതിക്കായി ഏറ്റവും പുതിയ ഷെഡ്യൾ ഓഫ് റേറ്റ് പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ സ്കെച്ച്/സൈറ്റ് പ്ലാൻ എന്നിവ അടിയന്തിരമായി തയ്യാറാക്കി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

(3) അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പിലാക്കുമ്പോൾ ധനകാര്യ (വ്യവസായവും പൊതുമരാമത്തും - ബി) വകുപ്പിന്റെ 28.04.2021 തീയതിയിലെ സ.ഉ.(അച്ചടി)നം.67/2021/ധന നമ്പർ ഉത്തരവ്, 17.01.2022 തീയതിയിലെ സ.ഉ.(അച്ചടി)നം.7/2022/ധന നമ്പർ ഉത്തരവ്, 13.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.41/2023/ധന നമ്പർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും ആയതിൽ പ്രസ്താവിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ മാത്രം പ്രവൃത്തിക്കായി അക്രഡിറ്റഡ് ഏജൻസിയെ തിരഞ്ഞെടുക്കുവാൻ പാടുള്ളതുമാണ്.

(4) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ, ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവർത്തിക്ക്, പൂർത്തീകരണ ശേഷം ആയതിന്റെ സംരക്ഷണം, തുടർ നടത്തിപ്പ്, അറ്റകുറ്റപ്പണി, വൈദ്യുതി ചാർജ്ജ് എന്നിവ ബന്ധപ്പെട്ട പഞ്ചായത്ത് / നഗരസഭ വഹിച്ചുകൊള്ളാമെന്നുള്ള ഭരണസമിതി തീരുമാനത്തിന്റെ പകർപ്പും എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

(5) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്ന ഭൂമിയുടെ ആസ്തി സംബന്ധിച്ച സാക്ഷ്യപത്രം കൂടി ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭ്യമാക്കി എസ്റ്റിമേറ്റിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

(6) നടപ്പിലാക്കിയ പ്രവൃത്തിയെ സംബന്ധിച്ച വിശദവിവരങ്ങൾ ഗ്രാനൈറ്റിൽ തീർത്ത ശിലാഫലകത്തിൽ രേഖപ്പെടുത്തി (പ്രവൃത്തിയുടെ പേര്, ഫണ്ട് വിവരം, എം.എൽ.എ-യുടെ പേര് വിവരം, വർഷം, അളവ്, ചെലവായ തുക) പ്രസ്തുത സ്ഥലത്ത് സ്ഥിരമായി സ്ഥാപിക്കുന്നതിനുള്ള ചെലവ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

(7) ചെക്ക് ലിസ്റ്റ് (അനുബന്ധം-5) കൃത്യതയോടെ പൂരിപ്പിച്ച് ഡി.പി.ആർ/ എസ്റ്റിമേറ്റിനോടൊപ്പം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. ഡി.പി.ആർ/ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ സ്കെച്ച്/ സൈറ്റ് പ്ലാൻ എന്നിവ ഇ-മെയിൽ മുഖേനയോ ***(adcgeneralpkd@gmail.com),*** ഇലക്ട്രോണിക് ഉപകരണങ്ങൾ മുഖേനയോ സോഫ്റ്റ് കോപ്പിയായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

JOINT DIRECTOR, LSGD, O/o. CIVIL STATION, PALAKKAD, Pin- 678 001

**അസിസ്റ്റന്റ് ഡയറക്ടർ-1**
**തദ്ദേശസ്വയംഭരണവകുപ്പ്, പാലക്കാട്**
**ജില്ലാ കളക്ടർക്ക് വേണ്ടി**

ഉള്ളടക്കം : 1. സൂചന കത്തിന്റെ പകർപ്പ്
2. ചെക്ക് ലിസ്റ്റിന്റെ മാതൃക (പ്രോഫോർമ)
3. ആസ്തി സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ മാതൃക

പകർപ്പ് : 1. ശ്രീ.എ.പ്രഭാകരൻ, ബഹു: മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ
2. പ്രസിഡന്റ് / സെക്രട്ടറി, **മരുതറോഡ് ഗ്രാമ പഞ്ചായത്ത്**
3. ഫയൽ / കരുതൽ ശേഖരം

L SGD/JD/PKD/5213/2026-C4


A. PRABHAKARAN
(MALAMPUZHA)
MEMBER
KERALA LEGISLATIVE ASSEMBLY
'PUTHAN VEEDU'
MARUTHAROAD P. O.
PALAKKAD-678 007

PHONE :
OFFICE : 0491-2962855
0491-2572855
MOBILE : 9447772855
9946572855
CHANDRAGIRI BLOCK-503,
M. L. A. HOSTEL,
THIRUVANANTHAPURAM.
E-mail : prabhakaranmla@gmail.com


സ്വീകർത്താവ്

ജില്ലാ കളക്ടർ
പാലക്കാട്

CAMP മലമ്പുഴ
DATE 03/08/2026

പ്രിയപ്പെട്ട ജില്ലാ കളക്ടർ,

2026–27 സാമ്പത്തിക വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ട് 25 ലക്ഷം വിനിയോഗിച്ച് മലമ്പുഴ നിയോജക മണ്ഡലത്തിലെ "മരുതറോഡ് ഗ്രാമപഞ്ചായത്തിലെ തെക്കേത്തറ അംഗൻവാടി കെട്ടിടം നിർമ്മാണം" എന്ന പ്രവർത്തി എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായും സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ അക്രഡിറ്റഡ് ഏജൻസിയെ പി.എം.സി വ്യവസ്ഥയിൽ നിർവ്വഹണ ഏജൻസിയായും ചുമതലപ്പെടുത്തി നടപ്പിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

എ. പ്രഭാകരൻ MLA
മലമ്പുഴ

MEMBER KERALA LEGISLATIVE ASSEMBLY ★ MALAMPUZHA ★

പകർപ്പ്:

എക്സിക്യൂട്ടീവ് എഞ്ചിനീയർ

എൽ എസ് ജി ഡി, പാലക്കാട്